**File No.LSGD-DA2/124/2019-LSGD**

**G.O.(Rt)No.1502/2019/LSGD**

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മുട്ടാർ ഗ്രാമപഞ്ചായത്ത് - പ്രളയകാലത്ത് കുടിവെള്ളം വിതരണം ചെയ്യുന്നതിന് മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് (നോൺറോഡ്) 4,80,200/- രൂപ ചെലവഴിച്ചതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.1502/2019/തസ്വഭവ — തിരുവനന്തപുരം, തീയതി, 17.07.2019

---

പരാമർശം :- 1. മുട്ടാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.01.2019 -ലെ കത്ത് .

2. പഞ്ചായത്ത് ഡയറക്ടറുടെ 08.04.2019 ലെ ജെ 1- 20909 /2018 നമ്പർ കത്ത്

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 20/06/2019-ലെ 2.2(4.41) നമ്പർ തീരുമാനം :

## ഉത്തരവ്

മുട്ടാർ ഗ്രാമപഞ്ചായത്തിൽ പ്രളയകാലത്ത് കുടിവെള്ളം വിതരണം ചെയ്യുന്നതിന് മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് (നോൺറോഡ്) 4,80,200/- രൂപ ചെലവഴിച്ചതിന് സാധൂകരണം നൽകണമെന്നു സംബന്ധിച്ച് മുട്ടാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു. അടിയന്തിര ഘട്ടത്തിൽ ചെയ്യേണ്ടി വന്ന പദ്ധതി എന്ന നിലയ്ക്കും പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) ൽ നിന്നും വരുത്തിയ ടി ചെലവ് സാധൂകരിക്കാവുന്നതാണെന്ന് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 20.06.2019 ൽ ചേർന്ന യോഗം വിശദമായി പരിശോധിച്ചു. പ്രസ്തുത യോഗത്തിന്റെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്തിലെ തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം കുടിവെള്ള വിതരണം തടസ്സപ്പെടുന്ന സാഹചര്യം ഉണ്ടായപ്പോൾ മെയിന്റനൻസ് ഗ്രാന്റ് ( നോൺ റോഡ്) ൽ ഉൾപ്പെടുത്തി 5,39,500/- രൂപ അടങ്കൽ തുക വകയിരുത്തി 4,80,200/- രൂപ ചെലവഴിച്ച ഗ്രാമപഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ് സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, മുട്ടാർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ:
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ് ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്